## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4536 22.07.2015 ന് മറുപടിയ്ക്ക്

### ചൂരൽമലയിൽ ശ്രീമതി. രമ്യാ മനോജിന്റെ വീട് പൊളിച്ചുമാറ്റൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളരിമല വില്ലേജിൽപ്പെട്ട ചൂരൽ മലയിൽ താമസിക്കുന്ന ശ്രീമതി. രമ്യ മനോജിന്റെ വീട് വനം വകുപ്പ് അധികൃതർ പൊളിച്ചുമാറ്റിയതു സംബന്ധിച്ച് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) താമസിച്ചുവരുന്ന വീട് പൊളിച്ചു മാറ്റുവാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) ശ്രീമതി. രമ്യ മനോജ് 6 വർഷമായി താമസിച്ചുവന്നിരുന്ന സ്ഥലം മേപ്പാടി റെയിഞ്ച്, മുണ്ടക്കൈ സെക്ഷൻ പരിധിയിൽ വി.എഫ്.സി.22-ൽപ്പെട്ടതും വെള്ളരിമല വില്ലേജ് റി.സ.126-ൽ വരുന്ന അഡ്ജസെന്റ് കെ.സി. കാട് വനഭൂമിയാണ്. ടി 8 സെന്റ് വനഭൂമി ആദിവാസി വിഭാഗത്തിൽപ്പെട്ട ഗോപാലൻ എന്നയാൾ കൈവശം വച്ച് വന്നിരുന്നതായിരുന്നു. പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന വീട് ടിയാൻ താല്ക്കാലിക താമസത്തിനായി മുരളീധരൻ എന്നയാൾക്ക് നൽകിയിരുന്നതായും ടിയാൻ മനോജ് എന്നയാൾക്ക് അനധികൃതമായി വിറ്റതായും ബോധ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലം മനോജിൽ നിന്നും വീണ്ടെടുത്ത് |

| | | |
|---|---|---|
| | | നൽകുന്നതിനായി ശ്രീ. ഗോപാലൻ മേപ്പാടി റെയിഞ്ചിൽ പരാതി നൽകുകയുണ്ടായി. അതിനെ തുടർന്ന് ശ്രീ. മനോജിന് 02-02-2015-ൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥലം ഒഴിയുവാൻ കൂട്ടാക്കാത്തതിനെ തുടർന്നാണ് 21-02-2015-ന് പ്രസ്തുത സ്ഥലവും വീടും ഒഴിപ്പിച്ചെടുത്തത്. |
| (സി) വീട് പൊളിച്ച് മാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ശ്രീമതി. രമ്യ മനോജിന്റെ വീട് പൊളിച്ച് മാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ട്. പ്രസ്തുത വീട് ഒഴിയുന്നതിനായി ശ്രീ. മനോജിന് 02-02-2015-ൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥലം ഒഴിയുവാൻ കൂട്ടാക്കാത്തതിനെ തുടർന്ന് 21-02-2015-ന് പ്രസ്തുത സ്ഥലവും വീടും ഒഴിപ്പിച്ചെടുക്കുകയാണുണ്ടായത്. |

Ajith (signature)

സെക്ഷൻ ഓഫീസർ